പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1655 13.06.2014- ൽ മറുപടിക്ക്

എൻ.ജി.ഒ കളുടെ പ്രവർത്തനത്തിന് അനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സംസ്ഥാനത്തെ എൻ.ജി.ഒ കളുടെ പ്രവർത്തനങ്ങൾക്കു വേണ്ടി സാമൂഹ്യനീതി വകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വിവിധ എൻ.ജി.ഒ കളുടെ പ്രവർത്തനങ്ങൾക്കു വേണ്ടി സാമൂഹ്യ നീതി വകുപ്പ് അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എൻ.ജി.ഒ കൾക്ക് ഗ്രാന്റ് അനുവദിച്ചത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

| ക്രമ. നം | ജില്ല | 2011-12 രൂപ | 2012-13 രൂപ | 2013-14 രൂപ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1,09,50,394 | 1,23,55,828 | 1,37,31,315 |
| 2 | കൊല്ലം | 24,87,304 | 18,11,824 | 21,72,926 |
| 3 | പത്തനംതിട്ട | 20,80,265 | 14,15,000 | 19,29,895 |
| 4 | ആലപ്പുഴ | - | - | - |
| 5 | കോട്ടയം | 19,16,368 | 22,70,695 | 27,86,547 |
| 6 | ഇടുക്കി | - | - | 33,00,000 |
| 7 | എറണാകുളം | 73,30,223 | 68,66,812 | 74,48,707 |
| 8 | തൃശ്ശൂർ | 19,83,324 | 15,48,830 | 13,99,136 |
| 9 | മലപ്പുറം | - | - | - |
| 10 | പാലക്കാട് | 24,28,179 | 23,38,463 | 25,61,898 |
| 11 | കോഴിക്കോട് | 73,50,783 | 89,88,563 | - |
| 12 | വയനാട് | - | - | - |
| 13 | കണ്ണൂർ | 17,81,273 | 24,47,483 | 22,82,722 |
| 14 | കാസർഗോഡ് | 19,80,200 | 16,93,284 | 21,22,414 |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം തുക അനുവദി ച്ചിട്ടുള്ള സംഘടനകൾ ചട്ട പ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | സാമൂഹ്യനീതി വകുപ്പിലെ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിക്കുകയും അനുവദിച്ച തുക സംബന്ധിച്ചുള്ള രേഖകൾ പരിശോധിക്കുകയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. |
| (സി) | സർക്കാരിൽ നിന്നും ധന സഹായം വാങ്ങുന്ന സംഘടനകൾ സമർപ്പിക്കുന്ന പദ്ധതികൾക്കു വേണ്ടി തുക ചെലവഴിക്കുന്നില്ലെന്നും പല തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നുവെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇതേവരെ സർക്കാർ ധനസഹായം നൽകിയ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും കൈപ്പറ്റിയ തുകയുടെ വിനിയോഗത്തെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ